## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3693** **15.03.2018 -ൽ മറുപടിയ്ക്ക്**

### കാസർകോട് ജില്ലയുടെ ടൂറിസം വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ ടൂറിസം വികസനത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | എ) | ജില്ലയിൽ ടൂറിസം വികസനത്തിന് സാധ്യതയുള്ള സ്ഥലങ്ങളായി കണക്കാക്കിയിട്ടുള്ളത് കടൽതീരങ്ങൾ, മലനിരകൾ (Hill Station) പുഴയോരം, കായലോരങ്ങൾ, മുതലായ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ്. അതിൻ പ്രകാരം ബേക്കൽ, കാഞ്ഞങ്ങാട്, കാസർകോട്, നീലേശ്വരം മഞ്ചേശ്വരം പോലുള്ള പ്രധാന കടൽ തീരങ്ങൾ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളാണ്. കുമ്പള, കാര്യം കോട്, ചിത്താരി, നീലേശ്വരം പുഴകൾ പുഴയോര ടൂറിസം പദ്ധതികൾക്ക് അനുയോജ്യമായ പ്രദേശങ്ങളാണ്. വീരമലക്കുന്ന്, റാണിപുരം കോട്ടഞ്ചേരി, പൊഡി ഗുംബെ മുതലായവ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളാണ് |
| (ബി) | ഈ പ്രദേശങ്ങളിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ ; | (ബി) | ബേക്കൽ ബീച്ച് വികസനം, തൃക്കണ്ണാട് ബീച്ച് എന്നിവ സൗന്ദര്യവത്കരിച്ച് നടപ്പാത റെയിൻ ഷെൽട്ടർ, ഫുഡ് കൗണ്ടർ, വലിയപറമ്പ് കായൽ, കോട്ടപ്പുറം പുഴ എന്നിവ കേന്ദ്രീകരിച്ച് ബോട്ട് ജെട്ടി , ഹൗസ് ബോട്ട് ടെർമിനൽ മുതലായ സംവിധാനങ്ങൾ BRDC മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. സഞ്ചാരികൾക്ക് ആവശ്യമായ താമസസൗകര്യമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ റാണിപുരം കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. |
| (സി) | ടൂറിസം വികസനത്തിന് സാധ്യതയുണ്ടായിട്ടും ഇതുവരെ ഒന്നും ചെയ്യാത്ത പ്രദേശങ്ങളിൽ എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | സാധ്യത പരിശോധിക്കാവുന്നതാണ്. |
| (ഡി) | നീണ്ട സമുദ്രതീരവും ധാരാളം നദികളും പുഴകളുമുള്ള കാസർകോടിന്റെ ടൂറിസം വികസന സാധ്യതകളെക്കുറിച്ച് പഠിക്കാൻ സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ